**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 1799** **04/12/2018 -ൽ മറുപടിക്ക്**

## കരുനാഗപ്പള്ളി - തഴവ ഗവൺമെന്റ് കോളേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പളളി-തഴവ ഗവൺമെന്റ് കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ; ഏതെല്ലാം സ്ഥലങ്ങൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കരുനാഗപ്പള്ളി - തഴവ ഗവൺമെന്റ് കോളേജ് സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന സ്ഥലങ്ങൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കണ്ടെത്തിയിട്ടുണ്ട്.<br>1) തഴവ പഞ്ചായത്തിൽ പാവുമ്പ വില്ലേജിൽ പാവുമ്പ വടക്കു കരയിൽപ്പെട്ട 6 ഏക്കർ പത്ത് സെന്റ് സ്ഥലം.<br><br>2) തൊടിയൂർ വില്ലേജിൽ പുതിയകാവ് ചക്കുവള്ളി റോഡിൽ അരമത്ത് മഠം ജംഗ്ഷന് 400 മീറ്റർ ദൂരത്തായുള്ള 6 ഏക്കർ 25 സെന്റ് സ്ഥലം.<br><br>3) തഴവ പഞ്ചായത്തിൽ മണപ്പള്ളി അരമത്ത് മഠം റോഡിൽ തണ്ണീർക്കരയിൽ നിന്നും 600 മീറ്റർ കിഴക്ക് 6 ഏക്കർ 34 സെന്റ് സ്ഥലം .<br><br>4) തഴവ പഞ്ചായത്തിൽ 2-ാം വാർഡിൽ മുല്ലശ്ശേരി മുക്കിന് 800 മീ ദൂരത്തിലുള്ള 5 ഏക്കർ 87 സെന്റ് സ്ഥലം.<br><br>കൂടാതെ IHRDയുടെ കീഴിലുള്ള കരുനാഗപ്പള്ളി എഞ്ചിനിയറിംഗ് കോളേജിന്റെ സ്ഥലത്തു നിന്നും തഴവ ഗവൺമെന്റ് കോളേജിനാവശ്യമായ |

| | | | |
|---|---|---|---|
| | | | സ്ഥലം വിട്ടു കിട്ടുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. അനുയോജ്യമായ ഭൂമി സംബന്ധിച്ച ശിപാർശ അടങ്ങിയ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ബി) | ഇവിടേക്കാവശ്യമായ അനദ്ധ്യാപക തസ്തികകൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ ; ആയതിന്റെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | ഇല്ല. കോളേജിൽ ലാബ്, ലൈബ്രറി എന്നിവ ക്രമീകരിക്കുന്ന മുറയ്ക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനും സ്വീപ്പർ, സാനിട്ടേഷൻ വർക്കർ എന്നീ തസ്തികകളിലേക്ക് പുറംപണി/കരാർ മുഖേന നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കോളേജിന്റെ ഭരണപരമായ പ്രവർത്തന ത്തിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ക്ലാർക്കിനെ സേവന ക്രമീകരണ വ്യവസ്ഥയിൽ പ്രസ്തുത കോളേജിൽ നിയമിച്ചിട്ടുണ്ട്. മറ്റ് അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | ഇവിടെ ഈ അദ്ധ്യയന വർഷത്തിൽ ആരംഭിച്ച സോഷ്യോളജി വിഷയത്തി നാവശ്യമായ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീ കരിക്കുമോ? | (സി) | സോഷ്യോളജി സ്ഥിരം അദ്ധ്യാപക തസ്തികയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനാവശ്യ മായ വർക്ക് ലോഡ് ഇപ്പോഴില്ല. |

**സെക്ഷൻ ഓഫീസർ**